REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഭുവനേശ്വറിൽ സംസ്ഥാന പൊലീസ് DGP മാരുടെയും, IG മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും പങ്കെടുക്കും.**
- **ക്ഷേമപെൻഷൻ തട്ടിപ്പ് വിഷയത്തിൽ മുഖ്യമന്ത്രി വിളിച്ച പ്രത്യേക യോഗം അൽപ്പ സമയത്തിനകം തിരുവനന്തപുരത്ത് ചേരും.**
- **ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് ഇന്ന് വൈകിട്ടോടെ വടക്കൻ തമിഴ്നാടിനും പുതുച്ചേരിക്കും ഇടയിലൂടെ കടന്നുപോകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്**
- **ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 239 കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ നടന്നു.**
- **ദുബൈയിൽ അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യക്കെതിരെ ടോസ് നേടിയ പാകിസ്താൻ ബാറ്റിങ് തിരഞ്ഞെടുത്തു.**

## വാർത്തകൾ വിശദമായി

ഭുവനേശ്വറിൽ ഇന്നലെ ആരംഭിച്ച സംസ്ഥാന പൊലീസ് DGP മാരുടെയും, IG മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും പങ്കെടുക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ യാണ് മൂന്ന് ദിവസത്തെ സമ്മേളനം ഉദ്ഘാടനം ചെയ്തത്.

 ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളും പോലീസ് നേരിടുന്ന പ്രശ്നങ്ങളും സ്വതന്ത്രമായി ചർച്ച ചെയ്യുന്നതിനും സംവദിക്കുന്നതിനും വേദിയൊരുക്കുന്നതാണ് സമ്മേളനം.

 പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ദേശീയ സുരക്ഷാ ഉപദേഷ്ടാവ്, സംസ്ഥാന ആഭ്യന്തര മന്ത്രിമാർ, സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണപ്രദേശങ്ങളിലെയും ഡിജിപി മാർ, കേന്ദ്ര പോലീസ് ഓർഗനൈസേഷൻ മേധാവികൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

രാജ്യത്തെ ഹോർട്ടികൾച്ചർ കർഷകർക്ക് രോഗരഹിത നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് കേന്ദ്രവും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 98 ദശലക്ഷം US ഡോളറിന്റെ വായ്പാ കരാറിൽ ഒപ്പുവച്ചു. മികച്ച വിളവും ഗുണമേന്മയും ലഭിക്കാനും കാലാവസ്ഥാ ആഘാതത്തെ പ്രതിരോധിക്കാനും ഇത് സഹായിക്കും.

✪✪✪

യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രമായ മധ്യപ്രദേശ് സാഞ്ചിയിലെ ബുദ്ധമത സ്തൂപത്തിൽ ഇന്നു മുതൽ രണ്ട് ദിവസത്തെ മഹാബോധി മഹോത്സവം നടക്കും. വൈകിട്ട് കേന്ദ്രമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്യും.

✪✪✪

വിദേശത്ത് ദുരിതമനുഭവിക്കുന്ന ഇന്ത്യൻ സ്ത്രീകളെ സഹായിക്കാൻ ഒമ്പത് വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കണമെന്ന ഗവൺമെന്റ് നിർദേശം അംഗീകരിച്ചതായി കേന്ദ്രസഹമന്ത്രി സാവിത്രി താക്കൂർ ലോക് സഭയിൽ പറഞ്ഞു.

ബഹ്റൈൻ, കുവൈത്ത്, ഒമാൻ, ഖത്തർ, UAE രാജ്യങ്ങളിലും സൗദി അറേബ്യയിലെ ജിദ്ദ, റിയാദ് എന്നിവിടങ്ങളിലുമായി ഷെൽട്ടർ ഹോമുകളുമായി ഏഴ് വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കും. ടൊറന്റോ, സിങ്കപൂർ രാജ്യങ്ങളിൽ ഷെൽട്ടറുകൾ ഇല്ലാത്ത വൺ സ്റ്റോപ് സെന്ററും സ്ഥാപിക്കും.

✪✪✪

ഓൺലൈൻ ഗെയിമിന്റെ ആസക്തി ഇല്ലാതാക്കുന്നതിനും അപകടസാധ്യത കുറക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്രസഹമന്ത്രി ജിതിൻ പ്രസാദ പറഞ്ഞു. ഉപയോക്താക്കൾക്ക്

സുരക്ഷിതവും വിശ്വസനീയവുമായ ഇന്റർനെറ്റ് ഉറപ്പാക്കുകയാണ് ഗവൺമെന്റിന്റെ നയമെന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പ്രസാദ പറഞ്ഞു.

✪✪✪

വികസിത് ഭാരത് യുവ നേതൃ സംഗമത്തിന്റെ ഭാഗമായി ഈ മാസം 25 ന് ആരംഭിച്ച വികസിത് ഭാരത് ക്വിസ് മത്സരം അടുത്ത മാസം അഞ്ച് വരെ MY BHARATH പ്ലാറ്റഫോമിൽ തുടരും. ഡിജിറ്റൽ ക്വിസിൽ 15 മുതൽ 29 വയസ്സുവരെ പ്രായക്കാർക്ക് പങ്കെടുക്കാം.

✪✪✪

ക്ഷേമപെൻഷൻ തട്ടിപ്പ് വിഷയത്തിൽ മുഖ്യമന്ത്രി വിളിച്ച പ്രത്യേക യോഗം അൽപ്പ സമയത്തിനകം തിരുവനന്തപുരത്ത് ചേരും. ധനവകുപ്പ്, തദ്ദേശ ഭരണവകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും.

അനധികൃതമായി പെൻഷൻ വാങ്ങിയ ഗവണ്മെന്റ് ഉദ്യോഗസ്ഥരുടെ കാര്യത്തിൽ എന്തു നടപടി വേണമെന്ന് അതാത് വകുപ്പുകൾ തീരുമാനിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ അറിയിച്ചു. വിഷയത്തിൽ സംസ്ഥാന വ്യാപക പരിശോധനയുണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിരുന്നുവെന്നും ഒറ്റപ്പെട്ട സംഭവങ്ങൾ ആണ് റിപ്പോർട്ട് ചെയ്തതെന്നും മന്ത്രി പറഞ്ഞു. പരിശോധന നടത്തിയ ശേഷം വേണമെങ്കിൽ ക്രിമിനൽ കേസ് എടുക്കും. അനർഹരെ കണ്ടെത്താൻ കൂടുതൽ പരിശോധന നടത്തുമെന്നും ബാലഗോപാൽ അറിയിച്ചു.

✪✪✪

ക്ഷേമപെൻഷൻ അനർഹമായി കൈപ്പറ്റിയവർക്കെതിരെ ഗവൺമെന്റ് കർശന നടപടിയെടുക്കണമെന്ന് കോൺഗ്രസ് നേതാവ് K. മുരളീധരൻ ആവശ്യപ്പെട്ടു. വിഷയത്തിൽ രാഷ്ട്രീയം കാണരുതെന്നും കർശന നടപടിയാണ് വേണ്ടതെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഡൽഹിയിലെ IAS പരിശീലനകേന്ദ്രത്തിൽ വിദ്യാർത്ഥികൾ മരിച്ച സംഭവത്തിൽ പൊലീസ് അന്വേഷണം നിരീക്ഷിക്കാൻ മുതിർന്ന CBI ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്ന് ഡൽഹി ഹൈക്കോടതി നിർദേശിച്ചു. ജൂലൈ 27ന് കനത്ത മഴയിൽ അഴുക്കു ചാൽ പൊട്ടിയൊഴുകി വിദ്യാർത്ഥികൾ ബേസ് മെന്റിലെ ക്ലാസ് മുറിയിൽ മുങ്ങി മരിക്കുകയായിരുന്നു. എറണാകുളം സ്വദേശി

നെവിൻ ഡാൽവിന്റെ പിതാവാണ് ഈ ആവശ്യം ഉന്നയിച്ച് ഹൈക്കോടതിയെ സമീപിച്ചത്. നേരത്തെ വിചാരണക്കോടതി ഈ ആവശ്യം നിരസിച്ചിരുന്നു.

✪✪✪

ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് ഇന്ന് വൈകിട്ടോടെ വടക്കൻ തമിഴ്നാടിനും പുതുച്ചേരിക്കും ഇടയിലൂടെ കടന്നുപോകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഹാബലിപുരത്തിനും കാരയ്ക്കലിനും ഇടയിലൂടെ തീരം തൊടുമ്പോൾ മണിക്കൂറിൽ പരമാവധി 90 കിലോമീറ്റർ വരെ വേഗമായിരിക്കും ചുഴലിക്കാറ്റിനുണ്ടാകുകയെന്നും അവർ പ്രവചിച്ചു.

ഡെസ്ക് റിപ്പോർട്ട്.....

..........വോയ്സ്..........

ചെന്നൈ അടക്കം ജില്ലകളിൽ കനത്ത മഴയെ തുടർന്ന് പലയിടത്തും വെള്ളക്കെട്ടുകൾ രൂപപ്പെട്ടു. തമിഴ്നാട്ടിൽ ചെന്നൈ അടക്കം ഏഴ് ജില്ലകളിലും പുതുച്ചേരിയിലും ചുവപ്പ് ജാഗ്രതയും, ഒമ്പത് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിലും കനത്ത മഴ ഉണ്ടാകുമെന്നാണ് വിലയിരുത്തൽ.

ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ ചെന്നൈയിലെ ഇന്നത്തെ പരിപാടികൾ റദ്ദാക്കി. ചെന്നൈ കേന്ദ്ര സർവകലാശാലയിൽ ബിരുദദാന ചടങ്ങാണ് രാഷ്ട്രപതി ഒഴിവാക്കിയത്.

തമിഴ് നാട്ടിൽ വ്യാപകമായി കനത്ത കാറ്റു വീശുമെന്നും മുന്നറിയിപ്പുണ്ട്. ഏതു സാഹചര്യവും നേരിടാൻ കോസ്റ്റ് ഗാർഡിനെ സജ്ജമാക്കി.

ഫെയ്ഞ്ചൽ ചുഴലികാറ്റ് നേരിടാൻ പുതുച്ചേരിയുടെ തീരമേഖലയിൽ മുന്നൂറിൽ പരം പൊലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചു. തീരദേശ റോഡുകൾ അടച്ചു. ജനങ്ങൾ സമുദ്രതീരത്തേക്ക് പോകുന്നത് കർശ്ശനമായി തടഞ്ഞിട്ടുണ്ട്. പുതുച്ചേരിയിൽ രാവിലെ മുതൽ നേരിയ മഴ അനുഭവപ്പെടുന്നുണ്ട്. കടൽ ക്ഷോഭവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ നാവിക സേന മേധാവി അഡ്മിറൽ ദിനേശ് K. ത്രിപാഠി മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിച്ചു. രാജ്യത്തിന് വേണ്ടി ധീരതയോടെ സേവനമനുഷ്ഠിക്കുകയെന്നതാണ് ഓരോ കേഡറ്റുകളുടെയും കടമയെന്ന് അദ്ദേഹം പറഞ്ഞു.

239 പേരാണ് പരിശീലനം പൂർത്തിയാക്കി പരേഡിൽ പങ്കെടുത്തത്. ഇതിൽ 29 പേർ വനിത കേഡറ്റുകളാണ്. പരിശീനം പൂർത്തിയാക്കിയ കോസ്റ്റ് ഗാർഡ് കേഡറ്റുകളും പരേഡിൽ അണി നിരന്നു.

സുഡാൻ, മൗറീഷ്യസ്, മ്യാൻമാർ, സീഷെൽസ് എന്നീ രാജ്യങ്ങളിലെ എട്ടു പേരും ഇവരിൽ ഉൾപ്പെടുന്നു.

✪✪✪

ട്രാക്കോ കേബിൾ ജീവനക്കാരന്റെ ആത്മഹത്യ ദുഃഖകരമായ സംഭവമാണെന്ന് മന്ത്രി P.രാജീവ് പറഞ്ഞു. ആത്മഹത്യയുടെ കാരണം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ട്രാക്കോ കേബിൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനമാണെന്നും 245 കോടി രൂപയാണ് ട്രാക്കോ കേബിളിന്റെ സഞ്ചിത നഷ്ടമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ദുബൈയിൽ അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കെതിരെ ടോസ് നേടിയ പാകിസ്താൻ ബാറ്റിങ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 28.3 ഓവറിൽ പാകിസ്താൻ 147 റൺസെടുത്തു.

ഷാർജയിൽ മറ്റൊരു മത്സരത്തിൽ ജപ്പാനെതിരെ ടോസ് നേടിയ UAE ബാറ്റിങ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 30 ഓവറിൽ UAE, 189 റൺസെടുത്തു.

✪✪✪

സയ്യിദ് മുഷ്താക്ക് അലി  ട്വന്റി 20 ക്രിക്കറ്റിൽ മുംബൈക്കെതിരെ കേരളത്തിന് ജയം. ഹൈദരബാദിൽ 43 റൺസിനാണ് കേരളം മുംബൈയെ പരാജയപ്പെടുത്തിയത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ വൈകിട്ട് 5 ന് മുംബൈയിൽ,  മുംബൈ സിറ്റി FC ഹൈദരാബാദ് FC യെ നേരിടും. രണ്ടാം മത്സരത്തിൽ, വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിൽ ചെന്നൈയിൻ FC യും മോഹൻ ബഗാനും ഏറ്റുമുട്ടും.

✪✪✪

ലക്നൗവിൽ സെയ്യിദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിതാ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ PV സിന്ധു സെമിയിൽ കടന്നു. ചൈനീസ് താരം ദായ് വാങ്ങിനെയാണ് സിന്ധു പരാജയപ്പെടുത്തിയത്.

പുരുഷ സിംഗിൾസിൽ ലക്ഷ്യാ സെൻ, പ്രിയാൻഷു രജാവത്ത് എന്നിവരും വിജയത്തോടെ അവസാന നാലിലെത്തി.

✪✪✪

കോഴിക്കോട്- പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി ഭൂമി വിട്ടുനൽകിയ കോഴിക്കോട്  ജില്ലയിലെ സ്ഥലമുടമകളുടെ ഹിയറിംഗ് ഉടൻ ആരംഭിക്കും. ഹൈക്കോടതി ഉത്തരവുപ്രകാരം ആർബിട്രേറ്ററായ ജില്ലാ കലക്ടറാണ് ഹിയറിംഗ് നടത്തുന്നത്. വിട്ടുനൽകിയ ഭൂമിയിലെ കെട്ടിടങ്ങൾക്ക് വിലയുടെ ആറ് ശതമാനം കുറയ്ക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യത്തിൽ മൂന്നു ദിവസത്തിനകം  തീരുമാനമെടുക്കും.

✪✪✪

കോഴിക്കോട് എരഞ്ഞിപ്പാലത്തെ ഹോട്ടൽ മുറിയിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ  യുവാവ് പോലീസ് കസ്റ്റഡിയിൽ.

തിരുവില്വാമല സ്വദേശി അബ്ദുൽ സനൂഫിനെയാണ് ചെന്നൈയിൽ  നിന്ന് പോലീസ് കസ്റ്റഡിയിലെടുത്തത്.  ഇയാളെ പിടികൂടുന്നതിനായി പോലീസ് ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കിയിരുന്നു.

✪✪✪

ലോക എയ്ഡ്സ് ദിനാചരണത്തിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം  വൈകിട്ട് കണ്ണൂർ സ്ക്വയറിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. തുടർന്ന് ബോധവൽക്കരണ റാലിയും കലാപരിപാടികളും ഉണ്ടാവും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിൽ  നാളെ മുതൽ O.P ടിക്കറ്റിന് 10 രൂപ ഫീസ് ഈടാക്കും.  ജില്ലാകലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന ആശുപത്രി വികസന സമിതി യോഗമാണ് ഇതു സംബന്ധിച്ച  തീരുമാനമെടുത്തത്. മെഡിക്കൽ കോളേജ് ആശുപത്രി, IMCH, ഡെന്റൽ കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് എന്നിവിടങ്ങളിൽ OP ടിക്കറ്റ് നിരക്ക് ബാധകമാണ്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒ.പി ടിക്കറ്റ് ചാർജ് വർദ്ധനാനീക്കത്തിൽ നിന്ന് ഗവൺമെന്റ് പിന്തിരിയണമെന്ന് BJP ജില്ലാ പ്രസിഡന്റ് VK.സജീവൻ ആവശ്യപ്പെട്ടു. ഒ.പി.ടിക്കറ്റിന്റെ പേപ്പർ ചാർജ് ഉൾപ്പെടെ ചെലവിനും മറ്റു സേവനങ്ങൾക്കും വരുമാനം കണ്ടെത്താനാണ് ഈ വർദ്ധനയെന്നാണ് ആശുപത്രി വികസന സമിതിയുടെ വിശദീകരണം. അത് ഗവൺമെന്റിന്റെ ചുമതലയാണെന്നും പവപ്പെട്ട രോഗികളെ ഗവൺമെന്റ് വഞ്ചിക്കുകയാണെന്നും ജില്ലാ പ്രസിഡന്റ് ആരോപിച്ചു.

✪✪✪

എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ ഭിന്നശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കും ജീവനോപാധികൾ കണ്ടെത്തുന്നതിന് കാസർകോട് ജില്ലാ ഭരണസംവിധാനത്തിന്റെ നൂതന പദ്ധതിയായ ഐ ലീഡിന് കേരള ഗ്രാമീൺ ബാങ്ക് CSR ഫണ്ടിൽ നിന്നും അഞ്ച് ലക്ഷം രൂപ നൽകി.

മുളിയാറിലെ തണൽ MCRC യിൽ പ്രവർത്തനമാരംഭിച്ച നോട്ട്പുസ്തക നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കാണ് ഫണ്ട് നൽകിയത്.

✪✪✪